പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 106

02.03.2020 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## കേരള പോലീസ് ചീഫിന് വേണ്ടി നിർമ്മിച്ച വില്ല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള പോലീസ് ചീഫിന് വേണ്ടി തിരുവനന്തപുരത്ത് പുതിയതായി നിർമ്മിച്ച വില്ലയുടെ വിസ്തൃതി എത്രയാണെന്ന് വിശദമാക്കാമോ; | എ) സീനിയർ പോലീസുദ്യോഗസ്ഥർക്കായുള്ള ക്വാർട്ടേഴ്സുകളിൽ ഒരെണ്ണമാണ് സംസ്ഥാന പോലീസ് മേധാവി ഉപയോഗിക്കുന്നത്. ഇതിന്റേയും അനുബന്ധ ഓഫീസിന്റേയും (ക്യാമ്പ് ഓഫീസ്) വിസ്തൃതി ആകെ 4892 സ്ക്വയർ ഫീറ്റാണ്. |
| ബി) ഇതിന്റെ നിർമ്മാണത്തിന് വേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്; വിശദാംശം നൽകാമോ; | ബി) ഇതിന്റെ നിർമ്മാണത്തിനായി 1,32,91,425/- രൂപ (ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നാന്നൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം) എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. |
| സി) ഈ വില്ലയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കിയതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ; ഇത് എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ;<br>ഡി) ആകെ നിർമ്മാണത്തുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ? | സി) യും ഡി) യും അവസാന ബിൽ ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല. ലഭ്യമായാൽ മാത്രമേ നിർമ്മാണ തുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ചിട്ടുണ്ടോ എന്നറിയുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ